STATE POLICE MEDIA CENTRE
KERALA

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.255/PR/SPMC/PHQ/2021 Date :19.06.2021

## വിരമിച്ച പോലീസ് നായ്ക്കൾക്കായി അന്ത്യവിശ്രമകേന്ദ്രം തൃശ്ശൂരിൽ തുടങ്ങി

പോലീസ് സേനയിലെ സേവനത്തിനുശേഷം വിരമിച്ച് മരണമടയുന്ന നായ്ക്കൾക്കായുള്ള അന്ത്യവിശ്രമകേന്ദ്രം തൃശ്ശൂരിലെ കേരളപോലീസ് അക്കാദമിയിൽ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ ഉദ്ഘാടനം ചെയ്തു. ഏഷ്യയിലെ തന്നെ ആദ്യ സംരംഭമാണിത്. പ്രത്യേകം തയ്യാറാക്കിയ കല്ലറകളിൽ പുഷ്പാർച്ചന ചെയ്താണ് ഡി.ജി.പി കുടീരം സമർപ്പിച്ചത്. കേരളപോലീസ് അക്കാദമി പരിശീലനവിഭാഗം ഐ.ജി പി വിജയൻ പങ്കെടുത്തു.

പോലീസ് നായ്ക്കളുടെ വിശ്രമകേന്ദ്രമായ വിശ്രാന്തിയോട് ചേർന്നാണ് കുടീരം. ഇതോടൊപ്പം മനോഹരമായ പൂന്തോട്ടവും ഒരുക്കിയിട്ടുണ്ട്. പോലീസ് സർവ്വീസിലെ നായ്ക്കളുടെ ത്യാഗങ്ങൾ, നേട്ടങ്ങൾ, മികച്ച ഇടപെടലുകൾ എന്നിവ ഉൾപ്പെടുത്തി പ്രത്യേകം ബലികുടീരങ്ങളും ഇവിടെ തയ്യാറാക്കും.

സേവന കാലാവധി പൂർത്തിയാക്കുന്ന പോലീസ് ശ്വാനന്മാർക്ക് വിശ്രമ ജീവിതത്തിനായി തൃശ്ശൂരിലെ കേരളാ പോലീസ് അക്കാഡമിയിൽ വിശ്രാന്തി എന്ന പേരിൽ ഇപ്പോൾത്തന്നെ റിട്ടയർമെന്റ് ഹോം നിലവിലുണ്ട്. സർവ്വീസ് പൂർത്തിയാക്കിയ നായ്ക്കൾക്ക് ജീവിതാന്ത്യംവരെ വിശ്രമിയ്ക്കാനും പരിചരണത്തിനും സൗകര്യപ്രദമായ രീതിയിലുള്ള വിശ്രമസ്ഥലമാണ് വിശ്രാന്തി. 2019 മെയ് 29 ന് ആരംഭിച്ച വിശ്രാന്തിയിൽ ഇപ്പോൾ 18 നായ്ക്കൾ ഉണ്ട്. വെറ്റിനറി ഡോക്ടർമാരുടെ സേവനവും ശ്രദ്ധയും ആവശ്യത്തിന് ലഭ്യമാക്കുന്നുണ്ട്.

ഡോക്ടർമാരുടെ നിർദ്ദേശാനുസരണം സമീകൃത ആഹാരമാണ് അവയ്ക്ക് നൽകുന്നത്. പ്രായം, ആരോഗ്യ പ്രകൃതി, തൂക്കം എന്നിവയ്ക്കനുസരിച്ച് പ്രത്യേകം പ്രത്യേകം ഭക്ഷണം നൽകുന്നു. നായ്ക്കൾക്കായി നീന്തൽക്കുളം, കളിസ്ഥലം, ടി.വി കാണാനുള്ള സംവിധാനം തുടങ്ങിയവയും വിശ്രാന്തിയിൽ ഒരുക്കിയിട്ടുണ്ട്.

ഫോട്ടോ ക്യാപ്ഷൻ:

തൃശ്ശൂരിലെ കേരളാ പോലീസ് അക്കാദമിയിൽ ഒരുക്കിയ പോലീസ് നായ്ക്കളുടെ അന്ത്യവിശ്രമകേന്ദ്രം ഉദ്ഘാടനം ചെയ്തശേഷം സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ മരണമടഞ്ഞ നായ്ക്കൾക്ക് അന്ത്യോപചാരം അർപ്പിക്കുന്നു.

****************************